# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടച്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.P5/1834/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.P5/1834/23 തീയ്യതി: 22/12/2023

## കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2022 മുതൽ 16-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2023 | 24-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2023 | 24-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. പ്രസീതകുമാരി. എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷൈനി. പി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ദിശ. ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ബിബിൻ. ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പത്മിനി.എൻ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മോഹൻരാജ്.വി.പി | സെക്രട്ടറി | 01-04-2022 | 20-06-2022 |
| ശ്രീ. അനൂപ് തേവൂന്റവിട | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2022 | 16-07-2022 |
| ശ്രീ. മോഹൻരാജ്.വി.പി | സെക്രട്ടറി | 17-07-2022 | 22-12-2022 |
| ശ്രീ. അനൂപ് തേവൂന്റവിട | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-12-2022 | 31-12-2022 |
| ശ്രീ. മോഹൻരാജ്.വി.പി | സെക്രട്ടറി | 01-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനൂപ് തേവൂന്റവിട | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. അഖിൻലാൽ.സി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 24-07-2022 |
| ഡോ. രാകേഷ്. കെ.സി | വെറ്ററിനറി സർജൻ | 25-07-2022 | 21-08-2022 |
| ഡോ. അഖിൻലാൽ.സി.എസ് | വെറ്ററിനറി സർജൻ | 22-08-2022 | 31-03-2023 |
| ശ്രീമതി. അമ്പിളി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രത്യുഷരാജ്.പി.വി | വി.ഇ.ഒ(ഇരിങ്ങണ്ണൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി. അമൃത. എം.കെ | വി.ഇ.ഒ(എടച്ചേരി സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീമതി. സുനിഷ. ഇ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിൽന. ഡി.എസ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസര് | 01-04-2022 | 31-03-2023 |
| ശ്രീമതി. അരുണിമ.എ | അസി. എഞ്ചിനിയർ | 01-04-2022 | 31-07-2022 |
| ശ്രീ. മുഹമ്മദ് ജറീഷ് | അസി. എഞ്ചിനിയർ | 01-08-2022 | 19-09-2022 |
| ശ്രീമതി.അശ്വിനി .എ.ആർ | അസി. എഞ്ചിനിയർ | 20-09-2022 | 31-03-2023 |
| ഡോ. ആദർശ്.യു | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 02-08-2022 |
| ഡോ. ഹൈറുന്നീസ. ബി.എച്ച്. | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 03-08-2022 | 12-09-2022 |
| ഡോ. ജുനൈദ്. ടി.കെ. | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 13-09-2022 | 16-11-2022 |
| ഡോ. പ്രഭ. പി.കെ. | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 17-11-2022 | 31-03-2023 |
| ശ്രീമതി. ശ്രീജ.പി. | കൃഷി ഓഫീസർ | 01-04-2022 | 19-12-2022 |
| ശ്രീമതി. സജീറ. സി. ചാത്തോത്ത് | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 20-12-2022 | 02-01-2023 |
| ശ്രീ. അതുൽ. വി. | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 03-01-2023 | 05-02-2023 |
| ശ്രീമതി. അശ്വതി. എൻ. സി. | കൃഷി ഓഫീസർ (എംപ്ലോയ്മെന്റ്) | 06-02-2023 | 31-03-2023 |
| ഡോ. സജിന കോമാട്ടിൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 04-05-2022 |

| | | | |
|---|---|---|---|
| ഡോ. അഞ്ജു വൽസൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 05-05-2022 | 31-03-2023 |
| ഡോ. രാജേഷ്.എൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 15-06-2022 |
| ഡോ. നൌഷാദ്. പി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 16-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല. | 1-1-3 |
| 5 | ചെക്ക് ഇഷ്യൂ ചെയ്ത് 3 മാസം കഴിഞ്ഞിട്ടും പിൻവലിക്കാത്ത തുകകൾ Stale ചെക്ക് ഹെഡിലേക്ക് മാറ്റിയിട്ടില്ല. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ച - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-5 |
| 7 | ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | പ്രതിമാസപൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-7 |
| 9 | യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുകകളും എ.സി.ആർ പ്രകാരം ചെലവായി കാണിച്ചു. | 1-1-8 |
| 10 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ് , യഥാർത്ഥത്തിലുള്ള ബാങ്ക് ബുക്ക് ബാലൻസുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-9 |
| 11 | പാർട്ട് ബില്ലായി ചെലവഴിച്ച തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (രസീപ്റ്റ് ആന്റ് പേയ് മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ക്ഷേമപദ്ധതികൾ | 1-8 |
| 19 | ടാക്സ് ഓഡിറ്റ് | 1-9 |
| 20 | രസീതി പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ വൈകി അടവാക്കുന്നു | 1-10 |
| 21 | കമ്മ്യൂണിറ്റി ഹാൾ - വാടക ഈടാക്കിയില്ല | 1-11 |
| 22 | ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി | 1-12 |
| 23 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല. | 1-13 |
| 24 | മുൻകൂർ തുക ക്രമീകരിച്ചില്ല | 1-14 |
| 25 | നെൽകൃഷി വികസനം - കൂലിച്ചെലവ് സബ്സിഡി - അധികതുക അനുവദിച്ചു | 1-15 |
| 26 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - പൂർത്തീകരിച്ചില്ല | 1-16 |
| 27 | കേരള മെഡിക്കൽ കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-17 |
| 28 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-18 |
| 29 | ഗാർഹിക ജൈവ മാലിന്യ സംസ്കരണം - റിംഗ് കമ്പോസ്റ്റ് - ഉണഭോക്തൃ വിഹിതം ചെലവഴിച്ചില്ല | 1-19 |
| 30 | ലൈഫ് ഭവന പദ്ധതി - വകയിരുത്തുന്ന ഫണ്ട് ചെലവഴിക്കുന്നില്ല | 1-20 |
| 31 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല | 1-21 |
| 32 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-22 |
| 33 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല. | 1-23 |
| 34 | പദ്ധതികളുടെ ആസൂത്രണം സമഗ്രമല്ല. | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---


| | | |
|---|---|---|
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 123 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07/07/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022 - 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ഉദ്ദേശം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.**

തൊഴിലുറപ്പ് വിഭാഗത്തിലെ കരാർ ജീവനക്കാരുടെ വേതനം ഇനത്തിൽ തനതുഫണ്ടിൽ നിന്ന് മുൻകൂർ ആയി ചെലവഴിച്ച തുകകൾ RP - 49 ഷെഡ്യൂളിൽ 460500801 – Advance To MNREGA Administrative Expence എന്ന ഹെഡ്ഡിൽ ബുക്ക് ചെയ്യുന്നതിന് പകരം RP – 35 ഷെഡ്യൂളിൽ 350109999 – Amount Payable To Other Creditors എന്ന ഹെഡ്ഡിലാണ് ബുക്ക് ചെയ്തത്.

**1-1-4 ചെക്ക് ഇഷ്യൂ ചെയ്ത് 3 മാസം കഴിഞ്ഞിട്ടും പിൻവലിക്കാത്ത തുകകൾ Stale ചെക്ക് ഹെഡിലേക്ക് മാറ്റിയിട്ടില്ല.**

അക്കൗണ്ട് നമ്പർ 1002000576, Instrument No 02036990/11.8.2022 – 500രൂപ

**1-1-5 ചെക്ക് നിക്ഷേപിച്ചു – ബാങ്കിൽ ക്രെഡിറ്റ് ആയില്ല.**

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ(അക്കൗണ്ട് നമ്പർ 1002000576) 1.10.2011 തീയതിയിലെ ചെക്ക് പ്രകാരം നിക്ഷേപിച്ച 2992 രൂപ ഇതുവരെ ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല.

**1-1-6 ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല.**

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022 - 23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022 - 23 സാമ്പത്തിക വർഷത്തെ ഡിമാന്റ് തുക 2 തവണയായി (10.01.23, 31.03.23) മാത്രം രേഖപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു.

**1-1-7 പ്രതിമാസപൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. Eg. വസ്തുനികുതി, ലൈസൻസ് ഫീസ്

**1-1-8 യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുകകളും എ.സി.ആർ പ്രകാരം ചെലവായി കാണിച്ചു.**

വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ് സി പി), സംരക്ഷണഗ്രാന്റ്(റോഡ്) എന്നീ ഇനങ്ങളിൽ യഥാർത്ഥത്തിൽ ചെലവഴിക്കാത്ത തുകകളും എ.സി.ആർ പ്രകാരം ചെലവായി കാണിച്ചു. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ട് | വാർഷികകണക്ക് പ്രകാരമുള്ള ചെലവ് (ജി.ഒ.പ്രൊജക്ട് ഒഴികെ) | എ.സി.ആർ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 14369012 | 15967717 | 1598705 |
| വികസനഫണ്ട്(എസ് സി പി) | 928656 | 1026188 | 97532 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 6264114 | 6383000 | 118886 |

**1-1-9 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് ബാലൻസ് , യഥാർത്ഥത്തിലുള്ള ബാങ്ക് ബുക്ക് ബാലൻസുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.**

കേരള ഗ്രാമീൺ ബാങ്കിലുള്ള മിസലേനിയസ് അക്കൗണ്ട്, എടച്ചേരി സഹകരണബാങ്കിലുള്ള തനതുഫണ്ട് അക്കൗണ്ട് എന്നിവയുടെ 31.3.23ലെ ബാങ്ക് ബുക്ക് ബാലൻസ് തുക, പ്രസ്തുത അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസ് ആയി രേഖപ്പെടുത്തിയ തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| അക്കൗണ്ട് നമ്പർ | 31.3.23ലെ ബാങ്ക് ബുക്ക് ബാലൻസ് തുക | | വ്യത്യാസം |
|---|---|---|---|
| | ബാങ്ക് ബുക്ക് /വാർഷികകണക്ക് പ്രകാരം | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | |
| കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നമ്പർ 40212100107141 | 11944033 | 11932320 | 11713 |
| എടച്ചേരി സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 1002000576 | 4520008 | 4531721 | 11713 |

പരിശോധിച്ച് വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

**1-1-10 പാർട്ട് ബില്ലായി ചെലവഴിച്ച തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

2022-23 വർഷം പാർട്ട് ബില്ലായി ചെലവഴിച്ച 1557044രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(ബി) യിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി രേഖപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25/03/2022 തിയ്യതിയിലെ 01/01 നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 25/02/2023 തിയ്യതിയിലെ 01/2023 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 12,056,500 |
| വരവ് | 218,657,401 |
| ആകെ | 230,713,901 |
| ചെലവ് | 215,003,580 |
| നീക്കിയിരിപ്പ് | 15,710,321 |

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് ആന്റ് പേയ് മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24,877,152 |
| വരവ് | 35,343,079 |
| ആകെ | 60,220,231 |
| ചെലവ് | 34,772,255 |
| നീക്കിയിരിപ്പ് | 25,447,976 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നഷ്ടപ്പെട്ട/ നിക്കീയി രിപ്പുള്ള തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ജി.ഒ.പ്രൊജക്ട് ഉൾപ്പെടെ) | | 0 | 1,81,93,000 | 1,81,93,000 | 1,65,62,295 | 16,30,705 |
| വികസന ഫണ്ട്-എസ്.സി.പി (ജി.ഒ.പ്രൊജക്ട് ഉൾപ്പെടെ) | | 0 | 13,22,000 | 13,22,000 | 12,24,468 | 97532 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ് ) | | 0 | 68,27,000 | 68,27,000 | 62,64,114 | 5,62,886 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | | 0 | 48,88,000 | 48,88,000 | 29,28,330 | 19,59,670 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്), | ട്രഷറി | 0 | 28,54,758 | 28,54,758 | 8,25,079 | 20,29,679 |
| | ബാങ്ക് | 42,36,000 | 48,30,000 | 90,66,000 | 35,87,092 | 54,78,908 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്), | ട്രഷറി | 0 | 31,683 | 31,683 | 31,683 | 0 |
| | ബാങ്ക് | 1,65,832 | 34,25,645 | 35,91,477 | 33,27,778 (33,27,673+ 105 Bank Chrge) | 2,63,699 |

## 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും അവർ നടപ്പിലാക്കിയ പദ്ധതികളുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 15 | 6052573 | 3397831 | 56% |
| അസി. സെക്രട്ടറി | 12 | 8 | 1282156 | 823033 | 64% |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | 8 | 8 | 6558482 | 6523511 | 99% |
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി.) | 9 | 9 | 2621127 | 2274979 | 87% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 191000 | 191000 | 100% |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 9 | 9 | 6340580 | 4694946 | 74% |
| കൃഷി ഓഫീസർ | 10 | 2 | 2168960 | 472154 | 22% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2300000 | 1700000 | 74% |
| വെറ്ററിനറി സർജൻ | 6 | 6 | 2472800 | 2000798 | 81% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 11 | 8 | 24435320 | 4422960 | 18% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 7 | 6 | 1070985 | 1035078 | 97% |
| അസി. എഞ്ചിനീയർ | 74 | 58 | 28681091 | 14605985 | 51% |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 148000 | 47550 | 32% |
| ആകെ | 178 | 136 | 84323074 | 42189825 | 50% |

ഡി.പി.സി. അഗീകാരം ലഭിച്ച 178 പ്രൊജക്ടുകളിൽ 136 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 84323074/- രൂപ വകയിരുത്തിയതിൽ 42189825/- രൂപ ( 50%) മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചത്. കൃഷി ഓഫീസർ 10 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 2022-23 വർഷം 2 പദ്ധതികൾക്ക് മാത്രമാണ് ചെലവ് നടന്നത്. തൻവർഷം 7 പദ്ധതികൾ നടപ്പിലാക്കിയെങ്കിലും 5 എണ്ണത്തിന്റെ പേയ്മെന്റ് ബില്ലുകൾ ക്യൂ ബിൽ ആയതിനാൽ പദ്ധതി ചെലവ് 22 ശതമാനമായി കുറഞ്ഞു. നിർവ്വഹണ ഉദ്യോഗസ്ഥർ യഥാസമയം പദ്ധതികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കാത്തതിനാലാണ് പദ്ധതി ചെലവുകൾ കുറയാൻ ഒരു കാരണം. വി.ഇ.ഒ. നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (ലൈഫ് 2020) യിൽ 2 കോടി രൂപ വകയിരുത്തിയതിൽ 20,40,000/- രൂപയുടെ ചെലവാണ് നടന്നത്. സംസ്ഥാനാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ എന്നിവ പദ്ധതിക്ക വേണ്ടി വതകയിരുത്തിയിരുന്നെങ്കിലും ചെലവുണ്ടായിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയതിൽ 5 % മാത്രമാണ് ചെലവഴിച്ചത്. ആവശ്യം കണക്കാക്കാതെ പദ്ധതികൾക്ക വേണ്ടി തുക വകയിരുത്തുകയും അത് ചെലവഴിക്കാനാകാതെ വരുന്നതും പദ്ധതി ചെലവുകൾ കുറയാൻ മറ്റൊരു കാരണമാണ്. മാത്രമല്ല മറ്റ് പദ്ധതികൾക്ക് ചെലവഴിക്കാനാകുമായിരുന്ന ഫണ്ടുകളാണ് ആസൂത്രണത്തിലെ പിഴവു മൂലം പഞ്ചായത്തിന് നഷ്ടമാകുന്നത്.

## 1-6 ആഭ്യന്തര നിയന്ത്രണം

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടുണ്ട്.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. നികുതി പിരിവിന് ടാർഗറ്റ് നിശ്ചയിച്ചു നൽകുകയും ആയത് പരിശോധിക്കുന്നതിന് അസി. സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തി സെക്രട്ടറി ഉത്തരവാക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ടെണ്ടർ രജിസ്റ്റർ, പ്രോക്വയർമെന്റ് രജിസ്റ്റർ സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും 24-9-2010 ലെ 86/2010/ഫിൻ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിൽ കമ്പ്യൂട്ടറിന്റെ സോഫ്റ്റ് വെയറുകൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽ സർക്കുലറിലെ നിർദ്ദേശങ്ങളനുസരിച്ച് ഓരോ 6 മാസം കൂടുമ്പോൾ അല്ലെങ്കിൽ പുതിയ സിസ്റ്റം വാങ്ങുമ്പോഴോ പുതിയ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുമ്പോഴോ ഒഴിവാക്കുമ്പോഴോ രജിസ്റ്റർ കാലികമാക്കേണ്ടതാണ്. കമ്പ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ ഒഴികെ ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമായ വിധത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട് എന്നത് പ്രത്യേകം പരാമർശിക്കുന്നു.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2023ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,877/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6,131,800 | 534 |
| വിധവാ പെൻഷൻ | 11,594,000 | 1069 |
| വാർദ്ധക്യകാല പെൻഷൻ | 22,574,400 | 2246 |
| വികലാംഗ പെൻഷൻ | 4,309,400 | 377 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 452,800 | 41 |
| വിവാഹ ധനസഹായം | 120,000 | 4 |

## 1-9 ടാക്സ് ഓഡിറ്റ്

കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200,203,204അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി ,തൊഴിൽ നികുതി, സേവന ഉപനികുതി , വിനോദ നികുതി എന്നിവ.

വസ്തുനികുതി പരിഷ്കരണം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കേരള സർക്കാറിന്റെ 22.03.2023ലെ സ.ഉ.(കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം 2023-24 മുതൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 05/04/2023 ലെ സ.ഉ.(അച്ചടി) 25/2023 എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന പ്രകാരവും 15.05.2023 ലെ 11/01 ഭരണ സമിതി തീരുമാന പ്രകാരവും എടച്ചേരി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 01/04/2023 മുതൽ നിലവിലുള്ള വസ്തുനികുതി, സേവന ഉപനികുതി പുതുക്കി നിശ്ചയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായി അടിസ്ഥാന വസ്തുനികുതി നിരക്കുകൾ താൽക്കാലികമായി നിശ്ചയിച്ച് 11/06/2023 ന് കരട് വിജ്ഞാപനം ചെയ്തു. നോട്ടീസ് തിയതി മുതൽ നിശ്ചിത സമയപരിധിക്കകം ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ച ശേഷം എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 18/08/2023 ലെ 03/01 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച് 05/09/2023 ൽ അന്തിമ വിജ്ഞാപനം ചെയ്തു

വസ്തുനികുതി

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തു നികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു. മേൽക്കൂരയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കുന്നു. കുറഞ്ഞതരം മേൽക്കൂരയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കി വസ്തുനികുതി നികുതി നിർണ്ണയിച്ചതിലെ അപാകതകൾ ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്.

**ഓഡിറ്റ് നിർദേശങ്ങൾ**

1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം- 21 പ്രകാരം, ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ളഎല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അത്തരം പരിശോധനയിൽ തറനിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ, കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

3.പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പഞ്ചായത്ത് നൽകിവരുന്ന സേവനങ്ങൾക്കനുസരിച്ച് കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും

സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങള് ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-10 രസീതി പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ വൈകി അടവാക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ മാന്വൽ രശീത് വരവ് പരിശോധിച്ചതിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വി.ഇ.ഒ ക്ക് വിതരണം ചെയ്ത രശീതി ബുക്ക് പ്രകാരം പിരിച്ചെടുത്ത ഗുണഭോക്ത വിഹിതം പഞ്ചായത്ത് ഫണ്ടിൽ വൈകി അടവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| രശീതി ബുക്ക് നമ്പർ/ രശീതി നമ്പർ | രശീതി പിരിച്ച തിയതി | തുക | തുക അടവാക്കിയ തിയതി |
|---|---|---|---|
| 24017/08 മുതൽ 24017/24 വരെ | 03/02/2023 | 3553 | 06/02/2023 |
| 24017/25 മുതൽ 24017/36 വരെ | 04/02/2023 | 2508 | 08/02/2023 |
| | 06/02/2023 | 836 | 08/02/2023 |
| 24017/37 മുതൽ 24017/40 വരെ | 09/02/2023 | 1254 | 13/02/2023 |
| 24168/1 മുതൽ 24168/19 വരെ | 04/03/2023 | 3971 | 08/03/2023 |
| 24168/20 മുതൽ 24168/28 വരെ | 06/03/2023 | 1881 | 08/03/2023 |

ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ വൈകി അടവാക്കിയതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2022-23 തിയതി. 23.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ രശീതി പ്രകാരം പിരിച്ചെടുത്ത തുക അന്നു തന്നെയോ തൊട്ടടുത്ത ദിവസമോ പഞ്ചായത്തിലടവാക്കാണ്ടേതാണ്.

## 1-11 കമ്മ്യൂണിറ്റി ഹാൾ - വാടക ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷം നവീകരിച്ച പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വാടക 16/10/2019 ലെ 08/167/2019 നമ്പർ ഭരണസമിതി തീരുമാനപ്രകാരം വർദ്ധിപ്പിക്കുകയും 01/12/2019 മുതൽ പുതുക്കിയ നിരക്കിൽ വാടക ഈടാക്കുന്നുമുണ്ട്. എന്നാൽ വാടക രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ

1. 01/03/2023 ലെ 1724 നമ്പർ അപേക്ഷ പ്രകാരം വടകര അസിസ്റ്റന്റ് രജിസ്ട്രാർ, സഹകരണ വകുപ്പ് 02/03/2023 ന് രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ അദാലത്ത് നടത്തുന്നതിന് കമ്മ്യൂണിറ്റി ഹാൾ അനുവദിച്ച് നൽകിയിട്ടുണ്ട്, 16/10/2019 ലെ ഭരണസമിതി തീരുമാനപ്രകാരം രാവിലെ 9.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നല്കുന്നതിന് വാടക ഇനത്തിൽ 4000/- രൂപയും ജി.എസ്.ടിയും ഈടക്കേണ്ടതാണ് എന്നാൽ വടകര അസിസ്റ്റന്റ് രജിസ്ട്രാറിൽ നിന്ന് വാടകയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല.

കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2022-23 തിയതി. 23.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
ബൈലോ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, ഈടാക്കാനുള്ള വാടക, ജി. എസ്. ടി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി

1. കെട്ടിട നമ്പർ 11/38

എടച്ചേരി ഗ്രാമപഞ്ചായത്തിൽ വാർഡ് 11 ൽ ശ്രീ. കുഞ്ഞമ്മദ് ഹാജി, രുക്സാന പുതിയാടത്തിൽ എടച്ചേരി എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച 16 ച.മീ. വിസ്തീർണ്ണമുള്ള മൊബൈൽ ടവറിന് നമ്പർ

അനുവദിച്ച് 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഈടാക്കിയിട്ടുണ്ട്

ഫോം.6 പരിശോധിച്ചതിൽ കുറഞ്ഞ തരം മേൽക്കൂരയുടെ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കി ഇളവ് നൽകിയതായി കാണുന്നു, സഞ്ചയ ഫോം.6 പ്രകാരം മൊബൈൽ ടവറിന് നികുതി നിർണ്ണയിച്ചതിൽ അടിസ്ഥാന വസ്തുനികുതിയിൻമേൽ 10% ഇളവ് നൽകി 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഈടാക്കിയതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക നഷ്ടപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|
| വസ്തുനികുതി നിരക്ക് 500<br>അടിസ്ഥാന നികുതി 8000<br>ഇളവ് 800<br>വർദ്ദനവ് 1600 | വസ്തുനികുതി നിരക്ക് 500<br>അടിസ്ഥാന നികുതി 8000<br>ഇളവ് –ഇല്ല.<br>വർദ്ദനവ് 1600 | 2013 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ<br>800 * 10 = 8000/- |
| ആകെ 8800 | 9600 | |

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പാലിക്കാതെ അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായതിൽ കൂടുതൽ ഇളവ് നൽകി നികുതി നിർണ്ണയിച്ചതിനാൽ ഈടാക്കിയ വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2022-23 തീയതി. 23/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-13 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.**

ഗ്രാമപഞ്ചായത്തിലെ ഡെപ്പാസിറ്റ് രജിസ്റ്റർ പ്രകാരം മൂന്ന് വർഷത്തിലേറെ പഴക്കമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്സ് | ഇനം | ആകെ ഡെപ്പോസിറ്റ് തുക | മൂന്ന് വർഷത്തിലേറെ പഴക്കമുള്ള ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 1 | 340100101 | Contractors' Earnest Money Deposit | 29150 | 21050 |
| 2 | 340100102 | Suppliers' Earnest Money Deposit | 152507 | 117557 |
| 3 | 340100201 | Contractors' Security Deposit | 56000 | 50000 |

| | | | | |
|---|---|---|---|---|
| 4 | 340100202 | Suppliers' Security Deposit | 108385 | 108385 |
| 5 | 340100301 | Contractors' Retention | 196670 | 104406 |

കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇലക്ഷൻ ഡെപോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം 45500 രൂപ നീക്കിയിരിപ്പുണ്ട്. ഇലക്ഷൻ ഡെപോസിറ്റിന്റെ കാലാവധി മൂന്ന് മാസമാണെന്നിരിക്കെ 2020 ൽ ഇലക്ഷന് വേണ്ടി ഡെപോസിറ്റ് ചെയ്ത തുക ഇതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന്റെ കാരണം വ്യക്തമല്ല.കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മുൻകൂർ തുക ക്രമീകരിച്ചില്ല

2022-23 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം Temporary Advance For Official Purpose എന്ന ഹെഡ്ഡിൽ 6124 രൂപ വർഷാവസാനം ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മേൽ തുക എന്നാണ് നൽകിയത്, എന്ത് ആവശ്യത്തിനായാണ് നൽകിയത്, ആർക്കൊക്കെയാണ് നൽകിയത് തുടങ്ങിയ വിവരങ്ങളൊന്നും രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുക നൽകിയ തീയതി, ആർക്ക് എന്താവശ്യത്തിന് നൽകി തുടങ്ങിയ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന അഡ്വാൻസുകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ടവരിൽ നിന്ന് നിയമാനുസൃത പിഴ പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 നെൽകൃഷി വികസനം - കൂലിച്ചെലവ് സബ്സിഡി - അധികതുക അനുവദിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം, പേര്, | 53/23, നെൽകൃഷി വികസനം - കൂലിച്ചെലവ് സബ്സിഡി |
| അടങ്കൽ, ഫണ്ടിനം | 4,50,000/-വികസനഫണ്ട്(ജനറൽ) 3,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 7,50,000/- |
| ചെലവ്, ബിൽ നം | 2,71,500/-, Bill Sanction No. 229/15.3.2023 1,81,000/-, Bill Sanction No. 261/20.3.2023 4,52,500/- |

നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിയിൽ തുടരാനായി കൂലിചെലവിനത്തിൽ ഹെക്ടറിന് 25000രൂപ സബ്സിഡി അനുവദിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. കർഷകർ കൃഷി ചെയ്യുന്ന വിസ്തൃതിയ്ക്ക് ആനുപാതികമായി സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. മേൽ പ്രൊജക്ട് പ്രകാരം 125 കർഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. സ.ഉ(കൈ) നം.115/22/LSGD തീയതി 28.5.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.9 പ്രകാരം നെൽകൃഷിക്ക് അനുവദിക്കാവുന്ന സബ്സിഡി തുക ഒരു ഹെക്ടറിന് പരമാവധി 25,000രൂപയാണ്. എന്നാൽ മേൽ

പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ചില കർഷകർക്ക് കൃഷി ചെയ്ത വിസ്തൃതിയ്ക്ക് ആനുപാതികമായല്ല സബ്സിഡി അനുവദിച്ചതെന്ന് കാണുന്നു. ഏതാനും ഉദാഹരണം താഴെ കൊടുക്കുന്നു.

| ട്രഷറി ബില്ലിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൃഷി ചെയ്ത വിസ്തൃതി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 3 | നാണു.പി.ഇ | 35 സെന്റ് (0.14 ഹെക്ടർ) | 5000 | 0.14x25000 = 3500 | 1500 |
| 14 | ചന്ദ്രി | 28 സെന്റ് (0.112 ഹെക്ടർ) | 5000 | 0.112x25000 = 2800 | 2200 |
| 30 | നാരായണി | 25 സെന്റ് (0.1 ഹെക്ടർ) | 3000 | 0.1x25000 = 2500 | 500 |
| 37 | രാഘൂട്ടി | 48 സെന്റ (0.192 ഹെക്ടർ) | 8000 | 0.192x25000 = 4800 | 3200 |
| 69 | കുമാരൻ.എം | 16 സെന്റ് (0.064 ഹെക്ടർ) | 2500 | 0.064x25000 = 1600 | 900 |
| 116 | കുഞ്ഞ്യേക്കൻ.എം.കെ | 15 സെന്റ് | 2250 | 0.06x25000 = 1500 | 750 |

| | | | | | |
|---|---|---|---|---|---|
| | | (0.06 ഹെക്ടർ) | | | |
| 120 | മൊയ്തു | 25 സെന്റ് (0.1 ഹെക്ടർ) | 3000 | 0.1x25000 = 2500 | 500 |
| 121 | അബൂബക്കർ.പി | 25 സെന്റ് (0.1 ഹെക്ടർ) | 5000 | 0.1x25000 = 2500 | 2500 |

സബ്സിഡി മാർഗരേഖ പ്രകാരം അനുവദിക്കാവുന്ന തുകയേക്കാൾ അധികം തുക ധനസഹായമായി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 125 അപേക്ഷകളിൽ ഏതാനും അപേക്ഷകൾ പരിശോധിച്ചതിന്റെ വിവരമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ അപേക്ഷകളും പരിശോധിച്ച് അധിക തുക അനുദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക 4,52,500 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - പൂർത്തീകരിച്ചില്ല**

2020-21 വർഷത്തെ ഗുണഭോക്താവായ പട്ടികജാതി വിദ്യാർത്ഥി അനന്തു സി.വി. (S/oശ്രീ. മനോജ്) പഠനമുറി നിർമ്മാണത്തിന് പ്രോജക്ട് നമ്പർ 10/20-21 പ്രകാരം 4.3.2021 ന് 50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തുടർ വർഷങ്ങളിൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താവ് ഇതുവരെയായി കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 22.11.2023 ന് നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-17 കേരള മെഡിക്കൽ കോർപ്പറേഷനിൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമായില്ല**

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മെഡിക്കൽ കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ/ സാധനങ്ങൾ ലഭ്യമായിട്ടില്ല.

| പ്രോജക്ട് നമ്പർ/ പേര് | ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|
| 124/23 (ജീവതാളം പദ്ധതി) | 306/ 28.3.2023 | 88,070/- രൂപ മെഡിക്കൽ കോർപ്പറേഷനിൽ നൽകിയതിൽ 8064/- രൂപക്കുള്ള സാധനങ്ങൾ |

| | | |
|---|---|---|
| | | മാത്രമാണ് ലഭിച്ചത്. 80006/- രൂപക്കുള്ള സാധനങ്ങൾ കൂടി ലഭ്യമാകാനുണ്ട്. |
| 9/23 (കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ) | 196/23.2.2023 | 96,360/- രൂപ മെഡിക്കൽ കോർപ്പറേഷനിൽ നൽകിയതിൽ 43,352/- രൂപക്കുള്ള മരുന്നാണ് 17.5.2023 ന് ലഭ്യമാക്കിയത്. 53,008/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാനുണ്ട്. |
| 125/23 (അതി ദാരിദ്ര്യ സുരക്ഷാ പദ്ധതി) | 206/3.3.2023 | 62,925/- രൂപ മെഡിക്കൽ കോർപ്പറേഷനിൽ നൽകിയതിൽ 29,854/ രൂപക്കുള്ള മരുന്നാണ് 7/23, 8/23 മാസങ്ങളിലായി ലഭിച്ചത്. 33,071/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാനുണ്ട്. |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില മെഡിക്കൽ കോർപ്പറേഷനിൽ ബാക്കി നിൽക്കുന്നത് | | 1,66,085/- രൂപ |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 21.11.2023 ന് നൽകിയ 30ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകാനുള്ള മരുന്നുകളുടെ വിലയായ 1,66,085/- രൂപ തടസ്സത്തിൽ വെക്കുന്നു.

**1-18 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 1//23 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന്) |
| പദ്ധതി അടങ്കൽ | 1,50,000/- രൂപ (മെയിന്റൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 1,50,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി പദ്ധതി തയ്യാറാക്കുകയും ഹോംകോ യ്ക്ക് 1,50,000/- രൂപ 14.10.2022 ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ നിന്ന് ചെലവഴിക്കുകയും ചെയതിട്ടുണ്ട്. 11.8.2023 ന് 76839/- രൂപയുടെ മരുന്ന് മാത്രമാണ് 2022-23 പദ്ധതിയിലേക്ക് ആവശ്യപ്പെട്ടതിൽ നിന്നും ലഭ്യമായത്. സ.ഉ.(കൈ) നം. 115/2022/തസ്വഭവ തിയ്യതി 28.5.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 7.6.4(v)

പ്രകാരം ഹോംകോ യിൽ നിന്നോ സർക്കാർ അനുവദിച്ചിരിക്കുന്ന ഏജൻസികളിൽ നിന്നോ മരുന്നു ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങാവുന്നതാണെന്ന് നിർദ്ദേശമുണ്ട്. മുൻ വർഷങ്ങളിൽ ടി സ്ഥാപനത്തിൽ മുൻകൂറായി അടച്ച തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായി എന്നു ഉറപ്പു വരുത്തിയ ശേഷം മാത്രം തുടർ വർഷങ്ങളിൽ ഹോംകോയിൽ തുക അടവാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. 73161/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 21.11.2023 ന് നൽകിയ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 73161/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-19 ഗാർഹിക ജൈവ മാലിന്യ സംസ്കരണം - റിംഗ് കമ്പോസ്റ്റ് - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 25/23 (ഗാർഹിക ജൈവ മാലിന്യ സംസ്കരണം - റിംഗ് കമ്പോസ്റ്റ്) |
| പദ്ധതി അടങ്കൽ | 26,83,560/- (24,15,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 2,68,356/- ഗുണഭോക്തൃ വിഹിതം) 204/- തനതു ഫണ്ട് |
| ചെലവ് | 14,63,000/- |

നിർവ്വഹണം : വി.ഇ.ഒ

മേൽ പ്രോജക്ട് പ്രകാരം 1284 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്യുന്നതിന് യൂണിറ്റൊന്നിന് 2090/- രൂപ തോതിൽ ശുദ്ധി വേസ്റ്റ് കൺവേർഷൻ യൂണിറ്റ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ഗുണഭോക്തൃ വിഹിതമായി ഒരു യൂണിറ്റിന് 209/- രൂപ തോതിൽ 2,68,356/-രൂപ ഈടാക്കി തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2022-23 വർഷം 700 ഗുണഭോക്താക്കൾക്കാണ് സാധനം സപ്ലൈ ചെയ്തത്. ആയതിന് ഗുണഭോക്തൃ വിഹിതം ചെലവ് ചെയ്യാതെ മൊത്തം തുകയായ 14,63,000/- രൂപയും കേന്ദ്ര ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. ടി തുകയുടെ 10% തുകയായ 1,46,300/- രൂപ ഗുണഭോക്തൃ വിഹിതമായും ബാക്കിയുള്ള 13,16,700/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിക്കേണ്ടതായിരുന്നു. ഗുണഭോക്തൃ വിഹിതം പിൻവലിക്കാതെ മുഴുവൻ തുകയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 22.11.2023 ന് നൽകിയ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ലൈഫ് ഭവന പദ്ധതി - വകയിരുത്തുന്ന ഫണ്ട് ചെലവഴിക്കുന്നില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി (ലൈഫ് 2020) യിൽ 2 കോടി രൂപ വകയിരുത്തിയതിൽ 20,40,000/- രൂപയുടെ ചെലവാണ് നടന്നത്. തുക വകയിരുത്തിയ ഫണ്ടിനവും ഓരോന്നിലെയും ചെലവും താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| പൊതു വിഭാഗം (ജനറൽ) | 20,00,000/- | 19,90,000/- |

| | | |
|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 50,00,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,00,000/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000/- | 50,000/ |
| മറ്റുള്ളവ | 1,10,00,000/- | ഇല്ല |

മേൽ പറഞ്ഞ ഫണ്ടിനങ്ങളിൽ മറ്റുള്ളവ എന്നത് ലോൺ ഇനത്തിൽ വകയിരുത്തിയ തുകയെന്നാണ് വി.ഇ.ഒ. അറിയിച്ചത്. സംസ്ഥാനാവിഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ പദ്ധതിക്ക വേണ്ടി വകയിരുത്തിയിരുന്നെങ്കിലും ചെലവുണ്ടായിട്ടില്ല. ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയതിൽ 5 % മാത്രമാണ് ചെലവഴിച്ചത്. ആവശ്യം കണക്കാക്കാതെ 1.8 കോടി രൂപ പദ്ധതിക്ക വേണ്ടി വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2019-20, 2020-21, 2021-22 വർഷങ്ങളിൽ ഭവന പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ കൂടി അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 21.11.2023 ന് നൽകിയ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറ്റ് പദ്ധതികൾക്കായി ഉപയോഗിക്കാമായിരുന്ന ഫണ്ടാണ് ആസൂത്രണത്തിന്റെ അപാകത കാരണം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെടുന്നത്. ഇക്കാര്യവും ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്.

## 1-21 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 21-22 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 22-23 വർഷവും നടപ്പിലാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു

| പ്രോജ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 24/22-23 | എടച്ചേരി സൗത്ത് സബ്സെന്റർ ഹെൽത്ത് വെൽനസ് സെന്ററായി ഉയർത്തൽ | 700000 | കേന്ദ്രാവിഷ് കൃതഫണ്ട് |
| 38/22-23 | പഞ്ചായത്ത് ഓഫീസ് നവീകരണം | 150000 | കേന്ദ്രാവിഷ് കൃതഫണ്ട്(44246, തനത് ഫണ്ട്. 105754) |
| 57/22-23 | ആലിശ്ശേരി അംഗൻവാടി | 750000 | തനത് ഫണ്ട് |

| | | | |
|---|---|---|---|
| | കെട്ടിടനിർമ്മാണം | | |
| 60/ 22-23 | അംഗൻവാടികളിൽ വയോജന സൗഹൃതകേന്ദ്രം നിർമ്മാണം | 401237 | തനത് ഫണ്ട്(400000) 1237( ബ്ളാക്ക് പഞ്ചായത്ത്) |
| 78/22-23 | ആയുർവ്വേദ ഡിസ്പെൻ സറിയിൽ ടോയ്‌ലറ്റ് നിർമ്മാണം | 28614 | ധനകാര്യകമ്മീഷൻ അവാർഡ് |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാതെ പോവുന്നതിന്റെയും രണ്ടു വർഷങ്ങളിലും ഫണ്ട് പാഴാക്കിയതിന്റെയും കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. പദ്ധതി രൂപീകരണ നിർവ്വഹണ പ്രക്രിയകളിലെ വീഴ്ചയാണ് ഇതു കാണിക്കുന്നത്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു

**1-22 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ**

ഓഡിറ്റ് കാലയളവിൽ എടച്ചേരി പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ പല പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്നും യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചോ യഥാർത്ഥ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലോ അല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതും പദ്ധതികൾ നടപ്പിലാക്കുന്നതും എന്നത് വ്യക്തമാണ്. 21.6.18 ലെ ഇ20/6699/2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

പല പ്രവൃത്തികളും പരിശോധിച്ചാൽ വിഭാവനം ചെയ്യുന്ന മുഴുവൻ പ്രവൃത്തികളും മുഴുവൻ അളവിൽ നടപ്പാക്കുന്നില്ലായെന്ന് കാണാം. പ്രവൃത്തികൾ വിഭാവനം ചെയ്ത അളവിൽ ചെയ്യാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നതു വഴി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വരുന്നു. അതുമൂലം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പല പ്രവൃത്തികളും ഒഴിവാക്കേണ്ടിയും വരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ അവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-23 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല.**

എടച്ചേരി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പല പ്രവർത്തികളും എഗ്രിമെന്റ് വച്ച് പ്രവർത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു.

ഒരുദാഹരണം ചുവടെ ചേർക്കുന്നു

പ്രൊജക്റ്റ് നമ്പർ . 56/22-23 (SO)

പ്രൊജക്റ്റ് : അംഗൻവാടികളിൽ വയോജനസൗഹൃദ കേന്ദ്രം നിർമ്മാണം

അടങ്കൽതുക : 521718

ചെലവ് തുക- 318690 . (തനത്.ഫണ്ട് )

എം.ബുക്ക് : 110/20-21

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി: 6 മാസം

ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. മേൽ പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോയതായി കാണുന്നു. പ്രസ്തുത അവസരത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 21.2.20 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 28.2.20 |
| 3 | സെലക്ഷൻ നോട്ടീസ് | 28.2.20 |
| 4 | എഗ്രിമെന്റ് വെച്ചത് | 16.3.20 |
| 5 | സൈറ്റ് കൈമാറിയത് | 16.3.20 |
| 6 | പ്രവർത്തി ആരംഭിച്ചത് | 16.11.20(എം.ബുക്ക് 110 / 20-21പേജ് നമ്പർ 1) |

കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവർത്തി നടക്കുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവർത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ കരാർ പ്രകാരവും മാന്വൽ പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ കരാർ പ്രകാരവും, മാന്വൽ പ്രകാരവും നടപ്പിലാക്കുന്നതിലുള്ള വീഴ്ച മൂലം പദ്ധതികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിലും പദ്ധതികൾ സ്പിൽ ഓവർ ആവുന്നതിനും ഇടയാക്കുന്നു. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-24 പദ്ധതികളുടെ ആസൂത്രണം സമഗ്രമല്ല.**

എടച്ചേരി ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. 22-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിലെ എം.സി.എഫ് കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് .

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| 36/22-23. | 450000 | 438084 |

| | | |
|---|---|---|
| എം.സി.എഫ് അടിസ്ഥാനസൗകര്യവികസനം (SO) | | |
| 94/22-23<br>എം.സി.എഫ് അടിസ്ഥാനസൗകര്യവികസനം | 500000 | 182841 |

മേൽ സൂചിപ്പിച്ച പ്രോജക്റ്റുകൾ പരിശോധിച്ചതിൽ ആദ്യത്തെ പ്രോജക്റ്റിൽ കെട്ടിടത്തിന് ഷീറ്റ് പാകൽ, ചുറ്റമതിൽ നിർമ്മാണം എന്നിവയും രണ്ടാമത്തെ പ്രോജക്റ്റ് പ്രകാരം പ്ളംബിംഗ് വർക്ക്, ഇന്റർലോക്കിംഗ് എന്നിവയുമാണ് നടപ്പിലാക്കിയത് . ILCCS ഏറ്റെടുത്ത രണ്ട് പ്രവർത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് നടപ്പിലാക്കിയത്. ഇതിൽ ആദ്യത്തെ പ്രവർത്തി മാന്വൽ ടെണ്ടർ ആയും രണ്ടാമത്തെ പ്രവർത്തി ഇ ടെണ്ടറായുമാണ് നടപ്പിലാക്കിയത്. ഒരേ ആവശ്യത്തിനായി രണ്ട് പദ്ധതികൾ രൂപീകരിക്കുന്നത് വഴി പദ്ധതിയുടെ ഡാറ്റാ എൻട്രി മുതൽ ബിൽ നൽകൽ വരെയുള്ള പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് വരുന്നു. കൂടാതെ ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾക്കായി സാധന സാമഗ്രികളും, മെഷീനറികളും സൈറ്റിൽ എത്തിക്കുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകമായതിനാൽ, ടെണ്ടർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം കുറയാൻ സാധ്യതയുണ്ട്. പ്രവൃത്തി സമഗ്രമായി വലിയ അടങ്കലിൽ തയ്യാറാക്കിയിരുന്നെങ്കിൽ ഇത്തരം സാധ്യതകൾ ഒഴിവാക്കാമായിരുന്നു. മേൽ സൂചിപ്പിച്ചതിൽ ആദ്യത്തെ പ്രവൃത്തി 11. 3.21 എഗ്രിമെന്റ് വച്ചതാണെങ്കിലും പ്രവൃത്തി ആരംഭിക്കുന്നത് 25.8.22 (M Book .2/22-23) നം പൂർത്തിയാക്കുന്നത് 18.3.23 നാണ്. ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. ഫയൽ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള യാതോരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. അതു കൊണ്ടുതന്നെ ഇവിടെ പ്രവർത്തി ആരംഭിക്കുന്നതിലും സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു.

സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ സമഗ്രമായി തയ്യാറാക്കാത്തതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനും വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | പരിശോധിച്ച തീയതി | |
|---|---|---|
| 2022-23 | 17.11.2023 മുതൽ 24.11.2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 100,000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 100,000 |
| | 2022-23 | 50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 50,000 |
| | 2022-23 | 1,50,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 1,50,000 |
| | 2022-23 | 50,000 | ലൈഫ് ഭവന പദ്ധതി | 50,000 |
| ആകെ | | 350,000 | | 350,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 181,000 | നെൽകൃഷി വികസനം കൂലിചെലവ് സബ്സിഡി | 181,000 |
| | 2022-23 | 500,000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 500,000 |
| | 2022-23 | 50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 50,000 |
| | 2022-23 | 440,200 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 440,200 |
| | 2022-23 | 20,000 | അഗതി ആശ്രയ കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണം | 20,000 |
| | 2022-23 | 495,073 | അങ്കണവാടി കെട്ടിടം അടിസ്ഥാന സൌകര്യ വികസനം | 495,073 |
| ആകെ | | 16,86,273 | | 16,86,273 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം. എസ്) 68/ 2018. ത.സ്വ. ഭ.വ തീയതി-18/05/ 2018 | 2022-23 | 0 | 51,67,800 | 11,75,095 | 0 | 39,92,705 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 80,53,750 |
| തൻവർഷം നിക്ഷേപിച്ച തുക | 6,23,391 |
| ആകെ | 86,77,141 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 86,77,141 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റ് ഓഫീസ്) | | | | |
| 1 | നാദാപുരം കോഓപ്പറേറ്റീവ് ഹോസ്പിറ്റലിനു നൽകിയ വിഹിതം | | | 10,000 | |
| 2 | എടച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (നം.001001078635) | 08.12.2022 | 1 വർഷം | 86,67,141 | |
| ആകെ | | | | 86,77,141 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | -- | 2003-04 | 11-14 | സമഗ്ര പുരയിട കൃഷി വികസന പദ്ധതി | തടസ്സം തുടരുന്നു. (പമ്പ് സെറ്റിന് ചെലവാക്കിയ തുക റെയ്ഡ്കോയിൽ നിന്ന് ഈടാക്കി |

| | | | | | |
|---|---|---|---|---|---|
| | | | | | യതിന്റെ റിപ്പോർട്ട് ലഭ്യമാക്കണം |
| -- | -- | 2012-13 | 3-4-5-1 | തൊഴിലുറപ്പ് പദ്ധതി | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-5 | നീർത്തടാധിഷ്ഠിത പദ്ധതികൾ | തടസ്സം തുടരുന്നു |
| -- | -- | 2012-13 | 3-4-5-6 | തൊഴിലുപകരണങ്ങൾ | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2-5 | റോഡുകളുടെ ചുമതലാ വിഭജനം | തടസ്സം തുടരുന്നു |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35,343,079 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34,772,255 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 691746 |

**ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| - | - | - | - |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,52,500 | അശ്വതി.എൻ. സി, കൃഷി ഓഫീസർ |
| 1-17 | 1,66,085 | ഡോ. ആദർശ്. യു, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-18 | 73,161 | ഡോ. അഞ്ജു വൽസൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| | 239,246 | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം (ഓഡിറ്റ് നടക്കുന്ന സമയത്തെ) | |
| ഡോ. ആദർശ്. യു,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽഓഫീസർ (പി.എച്ച്.സി),<br>എടച്ചേരി ഗ്രാമപഞ്ചായത്ത് | മയൂഖം, തെക്കയിൽ, ഒഞ്ചിയം(പി.ഒ), കോഴിക്കോട് |
| ഡോ. അഞ്ജു വൽസൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽഓഫീസർ (ഹോമിയോ) എടച്ചേരി | നാണി നിവാസ് വടകര-1, 673101 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2002-03 (ചെലവ്) | കെ.എസ്.എ. കെ.കെ.ഡി.പി5/ 1400/22 തീയതി 20.10.22 | 8 | 2-1,2-2,2-3,2-4,2-5, 2-6,2-8,2-9 |
| 2003-04 | കെ.എസ്.എ. കെ.കെ.ഡി.പി9/ 2302/17 തീയതി 02.05.18 | 7 | 2-3, 2-4, 2-5, 3-4, 3-5, 3-6, 3-7 |
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി9/ 2413/18(1) തീയതി 26.06.19 | 4 | 2-3, 2-5, 3-1, 3-5 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി.പി9/ 2413/18(2) തീയതി 26.06.19 | 3 | 3-2(1), 3-4, 3-6 |
| 2007-08 | കെ.എസ്.എ. കെ.കെ.ഡി.പി5/ 1400(2)/22 തീയതി 20.10.22 | 9 | 1-2,1-4,2-4,3-4, 3-7,3-8,3-9, 3-13,3-16 |

| | | | |
|---|---|---|---|
| 2008-09 | കെ.എസ്.എ. കെ.കെ.ഡി.പി5/ 1400(3)/22 തീയതി 20.10.22 | 9 | 3-3, 3-4,3-5, 3-9,3-10,3-15, 4-3,4-4,4-7 |
| 2009-10 | കെ.എസ്.എ. കെ.കെ.ഡി.പി5/ 1400(4)/22 തീയതി 20.10.22 | 13 | 1-1,1-2,1-3,2-1 (4,8,9,10), 2-3(1,2), 3-6,3-9,4-3,4-7 |
| 2010-11, 2011-12 | കെ.എസ്.എ. കെ.കെ.ഡി.പി5/ 1400(5)/22 തീയതി 20.10.22 | 13 | 2-1,3-6,3-7,3-8,3-9, 3-12,3-13, 3-14,3-15,3-16(1,2), 4-7 |
| 2012-13, 2013-14 | കെ.എസ്.എ. കെ.കെ.ഡി.പി5/ 1400(6)/22 തീയതി 20.10.22 | 3 | 2-1,3-6, 3-9 |
| 2014-15 | കെ.എസ്.എ. കെ.കെ.ഡി/പി5/ 929/21(2) തീയതി-17.11.2021 | 7 | 2-2, 3-3, 3-4, 3-7 (3,6), 3-8, 3-12 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി/പി5/ 929/21(3) തീയതി-17.11.2021 | 11 | 2-1, 2-3, 2-5, 3-1, 3-4 (1, 7, 10, 12, 13, 14, 21, 22), 3-8, 3-11, 3-17, 3-18 (4,6), 3-19, 3-20 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി/പി5/ 929/21(4) തീയതി-17.11.2021 | 11 | 2-1, 2-2, 2-4, 3-2, 3-3, 3-8സി, 3-13, 3-14 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി./പി5/ 1508/2019 തീയതി | 9 | 1-10, 1-12, 2-1(1)(2)(3), 2-4(6), 3-1(4), 3-2 (1) (2), 3-4, 3-11, 4-10 |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി/പി5/ 757/20 തീയതി- 04.09.2020 | 23 | 1-6 മുതൽ 1-28 വരെ |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി/പി5/ 1083/23 | 19 | 1-4-1, 1-6-1, 1-11, 1-13, 1-14, 1-16, 1-17, 1-18, |

| | | | |
|---|---|---|---|
| | തീയതി-15.07.2023 | | 1-19, 1-20, 1-21, 1-25, 1-26, 1-27, 1-28, 1-29, 1-31, 2-1, 3-1 |
| 2020-21 | കെ.എസ്.എ. കെ.കെ.ഡി/പി5/ 1005/22 തീയതി- 23.06.2022 | 22 | 1-1 മുതൽ 1-20 വരെ , 3-1,3-2 |
| 2021-22 | കെ.എസ്.എ. കെ.കെ.ഡി/പി5 /326/23 തീയതി-19.07.2023 | 36 | 1-1, 1-2-1, 1-4-1, 1-9 മുതൽ 1-40 വരെ, 3-1, 4-11 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.**

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 21/1 dated 30-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Edacheri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edacheri Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Edacheri Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Payment voucher mis-classification.

**2.Other Observations**

1. Following mandatory financial statements prescribed in accounting rule are not submitted for audit.

a.Ratios.
b.Notes to accounts.

2. Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.

3.Cheque uncashed for more than 3 months were not transfered to stale cheque account.
4. .Cheque deposited but not credited.
5.Lapses in making timely and accurate demand entries in respect of tax and non tax revenue.
6. Demand registers are not periodically reconciled with accounts.
7.Total expenditure not match with AFS and Sulekha Expenditure statement.
8.Bank book balance shown is reconciliation statement differ from the real Bank book balance.
9. The amount spent as part bill is not included as work in progress in the balance sheet.

Deputy Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്